പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 462 12.06.2012 -ലെ മറുപടി

## സ്കൂൾ കുട്ടികൾക്ക് സൗജന്യ ബസ് യാത്ര

ചോദ്യം

ശ്രീ. മുല്ലക്കര രത്നാകരൻ

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ 10 -ാം ക്ലാസ്സ് വരെ പഠിക്കുന്ന സ്കൂൾ കുട്ടികൾക്ക് സ്കൂൾ ദിവസങ്ങളിൽ സൗജന്യമായി സഞ്ചരിക്കുന്നതിനുള്ള പാസ്സ് ഏർപ്പെടുത്തുന്ന കാര്യം കെ.എസ്.ആർ.ടി.സി പരിഗണിക്കുമോ? | (എ) | കെ.എസ്.ആർ.ടി.സി നിലവിൽ വിദ്യാർത്ഥികൾക്ക് യാത്രാ സൗജന്യം അനുവദിച്ച് വരുന്നുണ്ട്. കെ.എസ്.ആർ.ടി.സി യുടെ ടൗൺ ടു ടൗൺ ഒഴികെയുള്ള എല്ലാത്തരം ഓർഡിനറി സർവ്വീസുകളിലും കൺസഷൻ ടിക്കറ്റ് ഉപയോഗിച്ച് യാത്ര ചെയ്യാവുന്നതാണ്. കൺസഷൻ ടിക്കറ്റ് ഉപയോഗിച്ചുള്ള യാത്രയ്ക്ക് യഥാർത്ഥ നിരക്കിന്റെ ശരാശരി 17.79% തുക മാത്രമാണ് കെ.എസ്.ആർ.ടി.സി ഈടാക്കി വരുന്നത്. വിദ്യാർത്ഥികൾക്ക് യാത്രാ സൗജന്യം അനുവദിക്കുന്നതു വഴി കെ.എസ്.ആർ.ടി.സി യ്ക്ക് പ്രതിവർഷം 50 കോടി രൂപയുടെ വരുമാന നഷ്ടം സംഭവിക്കുന്നുണ്ട്. പ്രതിമാസം ശരാശരി 55 കോടി രൂപ വരുമാനക്കുറവിൽ പ്രവർത്തിക്കുന്ന കെ.എസ്.ആർ.ടി.സി യ്ക്ക് പുതിയ ബാദ്ധ്യതകൾ ഏറ്റെടുത്ത് മുന്നോട്ടു പോകുവാൻ കഴിയുന്ന അവസ്ഥയല്ല നിലവിലുള്ളത്. ആയതിനാൽ പത്താംക്ലാസ്സ് വരെ പഠിക്കുന്ന സ്കൂൾ വിദ്യാർത്ഥികൾക്ക് സൗജന്യ യാത്ര അനുവദിക്കാൻ കെ.എസ്.ആർ.ടി.സി യ്ക്ക് ഇപ്പോൾ കഴിയില്ല. |
| (ബി) | സ്കൂൾ കുട്ടികൾക്ക് വേണ്ടി നഗരപ്രദേശങ്ങളിലെങ്കിലും കെ.എസ്.ആർ.ടി.സി രാവിലെയും വൈകിട്ടും പ്രത്യേക സർവ്വീസുകൾ ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ? | (ബി) | ഇപ്പോൾ തിരുവനന്തപുരം നഗരത്തിൽ മാത്രമാണ് കെ.എസ്.ആർ.ടി.സി യുടെ സിറ്റി സർവ്വീസുകൾ എല്ലാ റൂട്ടുകളിലും ആവശ്യത്തിനുള്ളത്. അതുകൊണ്ട് തന്നെ രാവിലെയും വൈകുന്നേരവും വിദ്യാർത്ഥികൾക്ക് യാതൊരു ബുദ്ധിമുട്ടും അനുഭവിക്കാതെ ഈ സർവ്വീസുകൾ ഉപയോഗപ്പെടുത്തുവാൻ കഴിയുന്നുണ്ട്. മറ്റ് നഗരങ്ങളിൽ കെ.എസ്.ആർ.ടി.സി യുടെ സിറ്റി സർവ്വീസുകൾ തീരെ ഇല്ലാതിരിക്കുകയോ ചില ഇടങ്ങളിൽ നാമമാത്രമോ ആണ്. ഇത്തരം നഗരങ്ങളിൽ വിദ്യാർത്ഥികൾക്ക് മാത്രമായി പ്രത്യേക സർവ്വീസുകൾ ആരംഭിക്കുവാൻ കെ.എസ്.ആർ.ടി.സി യുടെ ധനസ്ഥിതി അനുവദിക്കുന്നില്ല. |

(ഒപ്പ്) 

സെക്ഷൻ ഓഫീസർ